പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1022 — 10.02.2016 ലെ മറുപടിയ്ക്ക്

## ബേക്കൽ ടൂറിസം വികസനം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം വികസനത്തിന്റെ കുതിച്ചുചാട്ടത്തിനായി പെരിയയിൽ എയർസ്ട്രിപ്പ് ആരംഭിക്കുന്നതിന് കഴിഞ്ഞ സർക്കാർ പ്രാഥമികാനുമതി നൽകിയിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ; | എ) | ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് എയർസ്ട്രിപ്പ് നിർമ്മിക്കുന്നതിന് കഴിഞ്ഞ സർക്കാർ പ്രാഥമികാനുമതി നൽകിയിട്ടുണ്ട്. പുല്ലൂർ പെരിയ പഞ്ചായത്തിലെ കനിയംകുണ്ട് എന്ന സ്ഥലത്ത് - ഒരു എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകരിച്ച് ജി.ഒ(എം.എസ്) നം.50/2011/ടൂറിസം തീയതി, 14.02.2011 പ്രകാരമാണ് സർക്കാർ ഉത്തരവായത് |
| ബി) | ഇതിൽ എത്ര ഏക്കർ റവന്യൂ ഭൂമി, എത്ര ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുക്കണമായിരുന്നു; ഇതിനായി ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | ബി) | ഇതിൽ 28.76 ഏക്കർ റവന്യൂ ഭൂമിയും 51.68 ഏക്കർ സ്വകാര്യ ഭൂമിയുമാണ് ഏറ്റെടുക്കേണ്ടിയിരുന്നത്. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ) നെ സാധ്യതാ പഠനത്തിനായി [ടെക്നോ - ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR)]നവംബർ 2012 ന് നിയോഗിക്കുകയും 2013 ഡിസംബറിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. സ്വകാര്യ സ്ഥലമെടുപ്പിന് മാത്രമായി 25 കോടി ആവശ്യമായി വരുന്നുണ്ട്. |
| സി) | ഇതിന്റെ പ്രവർത്തനത്തിനായി ഒരു ഓഫീസ് ആരംഭിച്ചിരുന്നുവോ; അത് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | സി) | പെരിയയിൽ ഒരു പ്രോജക്ട് ഓഫീസ് ആരംഭിച്ചിട്ടുണ്ടായിരുന്നു. 2014 മെയ് 31-ന് പ്രോജക്ട് ഓഫീസ് നിർത്തലാക്കി. ഇപ്പോൾ പ്രവർത്തിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ